# ഗവ.യു.പി.എസ്സ്
# പെണ്ണുക്കര

# അക്കാദമിക - മാസ്റ്റർപ്ലാൻ
# 2025 - 2026

**<u>ഉള്ളടക്കം</u>**


1. **ആമുഖം**
2. **അടിസ്ഥാന വിവരങ്ങൾ**
3. **ലക്ഷ്യം**
4. **അക്കാദമിക പ്രവർത്തനങ്ങൾ (മേഖല , ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)**
5. **പ്രതീക്ഷിത നേട്ടങ്ങൾ**
6. **മോണിറ്ററിംഗ്**

# ആമുഖം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ സ്ഥിതി ചെയ്യുന്ന ആല ഗ്രാമ പഞ്ചായത്തിലാണ് പെണ്ണുക്കര ഗവ. യു.പി.സ്കൂൾ. പെണ്ണുക്കര ഗവ. യു.പി സ്കൂളിന്റെ ആദ്യകാല ചരിത്രം വേണ്ട വിധത്തിൽ രേഖപ്പെടുത്താൻ ആവശ്യമായ രേഖകൾ കിട്ടാനില്ലെങ്കിലും സർക്കാർ രേഖകളിൽ സ്കൂളിന്റെ സ്ഥാപിത വർഷം 1915 ആയി രേഖപ്പെടുത്തിയിരിക്കുന്നു. തിരുവിതാംകൂർ രാജഭരണത്തിൽ നവോത്ഥാന കാലഘട്ടമെന്ന് വിശേഷിപ്പിക്കുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്താണ് പുല്ലാന്താഴം (പെണ്ണുക്കര) പള്ളിക്കൂടം ആരംഭിക്കുന്നത്. ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകൾ പൂർണ്ണമാകുന്നതും സർക്കാരിന്റെ കണക്കിൽ വരുന്നതും 1915 ആണ്. സ്വാതന്ത്ര്യാനന്തരം അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ കാലത്ത് ഈ സ്കൂൾ ജെ.ബി.എസായി ഉയർത്തപ്പെട്ടു. 1980 ൽ അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ കാലത്ത് അപ്ഗ്രഡേഷൻ ലഭിക്കുകയും പെണ്ണുക്കര ഗവ. യു.പി.എസായി മാറുകയും ചെയ്തു. വിവിധ മേഖലകളിൽ സ്തുത്യർഹ സേവനം നടത്തുന്ന മഹത് വ്യക്തികൾ ഈ സ്കൂളിന്റെ പൂർവ്വവിദ്യാർത്ഥികളാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായികരംഗത്തും ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന പഠന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികൾക്ക് സ്വയം പ്രതിരോധമാർഗ്ഗങ്ങൾക്കു വേണ്ട പരിശീലനവും നൽകി വരുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമികരംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ യുടേയും, പഞ്ചായത്ത്, പൂർവവിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ തുടങ്ങിയവയുടെ പൂർണ്ണസഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. ഹരിതഭംഗിയാർന്ന സ്കൂൾ ക്യാമ്പസ്, ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. "സ്കൂൾ തന്നെ പാഠപുസ്തകം" എന്ന വിശാലമായ ആശയം ഇവിടെ സ്വാർത്ഥകമാകുന്നു.

## അക്കാദമികം – നേട്ടങ്ങൾ

2024–25 അധ്യയനവർഷം പുതുമയും വ്യത്യസ്തമാർന്നതുമായ ധാരാളം അക്കാദമിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. വിവിധ ക്വിസ് മത്സരങ്ങളായ തളിര്, ഗാന്ധിക്വിസ്, NUMATS, STEPS, അക്ഷരമുറ്റം, IT മേഖല എന്നിവയിൽ സബ്ജില്ല, ജില്ല തലത്തിൽ ധാരാളം കുട്ടികൾ

ഒന്ന്,രണ്ട് സ്ഥാനങ്ങളിൽ ഇടം പിടിച്ചിട്ടുണ്ട്. LSS, USS പരീക്ഷയിൽ മികച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്രമേള സാമൂഹ്യ ശാസ്ത്രമേള, IT, പ്രവൃത്തിപരിചയമേള, കായികമേള, കലാമേള എന്നിവയിൽ മികച്ച വിജയം നേടാൻ നമ്മുടെ സ്കൂളിന് സാധിച്ചിട്ടുണ്ട്. സാമൂഹ്യശാസ്ത്രമേള (എൽപി തലം) IT (UP തലം) ഓവറോൾ കിരീടം നേടിയത് നമ്മുടെ സ്കൂളാണ്.

ഭൗതികം

ചുറ്റുമതിൽ, ടോയ്‌ലറ്റ് സൗകര്യം, കുടിവെള്ള സംവിധാനം, പാചകപ്പുര, ഡൈനിംഗ് ഏരിയ എന്നിവയെല്ലാം ഉണ്ടെങ്കിലും ക്ലാസ്സ് റൂമിൻറെ കുറവ് നമുക്ക് ഒരു പോരായ്മയാണ്. കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് മൂലം ലൈബ്രറി, ലാബ് (കമ്പ്യൂട്ടർ, സയൻസ്, ഗണിതം) എന്നിവയാണ് നമ്മൾ ഇപ്പോൾ ക്ലാസ്സ്മുറികളായി ഉപയോഗിക്കുന്നത്.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. യു. പി. സ്കൂൾ പെണ്ണുക്കര |
| വിലാസം | : | പെണ്ണുക്കര പി.ഒ., ചെങ്ങന്നൂർ |
| ഫോൺ | : | |
| സ്കൂൾ കോഡ് | : | 36366 |
| വിദ്യാഭ്യാസ ഉപജില്ല | : | ചെങ്ങന്നൂർ |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി. ആർ. സി. | : | ചെങ്ങന്നൂർ |
| ഗ്രാമ പഞ്ചായത്ത് | : | ആല |
| ബ്ലോക്ക് പഞ്ചായത്ത് | : | ചെങ്ങന്നൂർ |
| ജില്ല പഞ്ചായത്ത് | : | ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : | ചെങ്ങന്നൂർ |
| ലോകസഭാ മണ്ഡലം | : | മാവേലിക്കര |
| താലൂക്ക് | : | ചെങ്ങന്നൂർ |
| വില്ലേജ് | : | ആല |
| ഇ മെയിൽ | : | gupspennukkara@gmail.com |
| ഫേസ് ബുക്ക് പേജ് | : | gupspennukkara |
| ക്ലാസുകൾ | : | LKG മുതൽ 7 വരെ |
| മാനേജ്മെന്റ് | : | ഗവൺമെന്റ് |
| പഠനമാധ്യമം | : | ഇംഗ്ലീഷ്, മലയാളം |

## ലക്ഷ്യം

- ★ ഒന്നു  മുതൽ ഏഴ് വരെയുള്ള ഓരോ ക്ലാസിലും നേടേണ്ട ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- ★ ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിച്ച് ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുക.
- ★ കുട്ടികൾ മികച്ച ശാരീരിക, മാനസിക വൈകാരിക ആരോഗ്യം വളർത്തുക.
- ★ കുട്ടികൾ തെറ്റില്ലാതെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ വായിക്കാനും എഴുതാനും സംസാരിക്കുവാനുള്ള കഴിവ് നേടിയെന്ന് എന്ന് ഉറപ്പുവരുത്തുക.
- ★ കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കുക.
- ★ പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ★ വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ★ വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ★ കുട്ടികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.
- ★ വിദ്യാലയം പൊതുസമൂഹത്തിന്റെ ഭാഗമായി മാറുകയും പൊതുസമൂഹം വിദ്യാലയത്തിന് താങ്ങും തണലുമായി നിൽക്കുന്നു എന്ന് ഉറപ്പുവരുത്തുക.

## പ്രതീക്ഷിത നേട്ടങ്ങൾ

★ കുട്ടികളുടെ അക്കാദമിക മികവ് പൊതുസമൂഹം തിരിച്ചറിയുക.

★ ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുക.

★ ജാതി – മത – വർണ്ണ – വർഗ്ഗ സാമ്പത്തിക വ്യത്യാസങ്ങളില്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിക്കുക.

★ കുട്ടികളുടെ പ്രവേശനനിരക്ക് വർധിപ്പിക്കുക.

★ പൊതുവിദ്യാലയങ്ങൾ മികവിൻറെ കേന്ദ്രങ്ങളാക്കി മാറ്റുക.

★ സ്കൂൾ സമൂഹത്തിന് എന്ന ആശയം സാക്ഷാത്കരിക്കുക

★ അച്ചടക്കവും ആത്മനിയന്ത്രണവും കാര്യശേഷിയും നേതൃത്വ ഗുണമുള്ള വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുക.

★ സാമൂഹിക പ്രതിബദ്ധതയുള്ള  വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുക.

## <u>മോണിട്ടറിംഗ്</u>

- ❖ സ്കൂൾ തലം മുതൽ ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് ശക്തമാക്കുന്നു
- ❖ അതാത് തലങ്ങളിലെ ജനപ്രധിനികൾ, സ്കൂൾ തലത്തിൽ പി.ടി.എ./ എസ്.എം.സി. പ്രസിഡന്റ് എന്നിവരടങ്ങുന്ന സമിതിയുടെ മോണിട്ടറിംഗ് ഉണ്ടായിരിക്കണം
- ❖ ദൈനംദിന മോണിട്ടറിംഗ് എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടായിരിക്കണം

<u>മലയാളം</u>

ക്ലാസ്സ് – 1

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | എല്ലാകുട്ടികൾക്കു ം എഴുതാനും വായിക്കാനുമു ള്ള ശേഷി വികസനം | ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് അനുയോജ്യമായ വായനക്കാർ, കഥാ ബുക്കുകൾ എന്നിവ നൽകി കുട്ടികളെ മലയാളം എഴുതാനും, വായിക്കാനും കൂടുതൽ താല്പര്യമുള്ളവരാ ക്കുന്നതിന് | വർഷം മുഴുവനും | ക്ലാസ്സ് ടീച്ചർ | |
| 2. | അക്ഷരം,ചിഹ്നം എന്നിവ എല്ലാ കുട്ടികളിലും ഉറപ്പിക്കൽ | 'അക്ഷരക്കളരി', 'ചിഹ്നക്കളരി' എന്നിവയിലൂടെ എല്ലാ കുട്ടികൾക്കും അക്ഷരം, ചിഹ്നം എന്നിവ ഉറപ്പാക്കൽ | എല്ലാ ആഴ്ചയും | ക്ലാസ്സ് ടീച്ചർ | |
| 3. | മലയാള ഭാഷയിൽ സർവ്വ സർഗ്ഗാത്മക ശേഷി വികസനം | സംഭാഷണം, സ്കിറ്റ് എന്നിവ സദസ്സിനു മുൻപിൽ അവതരണം | വർഷത്തിൽ രണ്ടു പ്രാവശ്യം | *പി.ടി.എ *ക്ലാസ്സ് ടീച്ചർ | |
| 4. | കുട്ടികൾക്ക് ലേഖനത്തിനു ള്ള ശേഷി വികസനം | ദൈനംദിന ഡയറി എഴുത്തിലൂടെ 1,2 ക്ലാസ്സുകളിലെ കുട്ടികളുടെ ലേഖനത്തിന് താല്പര്യം വർധിപ്പിക്കാൻ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |

ക്ലാസ്സ് – II

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനം മികവ് | 1. "എഴുത്തും കുത്തും" ലഘു രചനയിലേക്ക് നയിക്കുന്ന രചന ക്യാമ്പുകൾ<br>2. ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ നവംബർ ഡിസംബർ | SRG SMC ക്ലബുകൾ മദർ P.T.A ക്ലാസ്സ് ടീച്ചർ | |
| 2. | സർഗ്ഗാത്മകതയെ തട്ടിയുണർത്താൻ | രചന ശില്പശാല കഥ കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC അദ്ധ്യാപകർ ക്ലബുകൾ | |
| 3. | കുട്ടികൾക്ക് വായനയിൽ താല്പര്യം വർധിപ്പിക്കുന്നതിന് | വായന ഒരു സ്ഥാപിച്ച ലൈബ്രറി പുസ്തകങ്ങൾ വായനയ്ക്കായി നൽകുന്നു | വർഷം മുഴുവൻ | അദ്ധ്യാപകർ | |
| 4. | കുട്ടികളിൽ പദ പരിചയം വളർത്തുന്നതിന് | ഓരോ ദിവസവും ഓരോ അക്ഷരവുമായി ബന്ധപ്പെട്ട് പദങ്ങൾ പരിചയപ്പെടുത്തുന്നു | വർഷം മുഴുവൻ | അദ്ധ്യാപകർ | |

ഭാഷ

ക്ലാസ്സ് – III

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | പ്രീടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ അക്ഷരക്കാർഡ് പദക്കാർഡ്, ചിഹ്നങ്ങൾ അടങ്ങിയ കാർഡുകളുടെ നിർമ്മാണം ,വായന ഉറി വായനക്കൂട്ടം പത്ര വായന, അമ്മ വായന ലൈബ്രറിപുസ്തക വായന കഥ, കവിത ബാക്കി ഭാഗം പൂരിപ്പിക്കൽ സാഹിത്യകാരനുമായി അഭിമുഖം, കൈയ്യെഴുത്ത് മാസിക വിദ്യാരംഭം, സ്വർഗ്ഗവേള, ബാലസഭ എന്നിവയിലെ പങ്കാളിത്തം | ജൂൺ – മാർച്ച് | ക്ലാസ്സ് ടീച്ചർ, SRG, CPTA, SMC | PTA, SRG |
| 2. | സാഹിത്യ പ്രതിഭകളെ അടുത്തറിയാം | പാഠഭാഗത്തിലെ കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം പുസ്തക ശേഖരവും പ്രദർശനവും | ജൂൺ – ഡിസംബർ | PTA, SRG, ക്ലാസ്സ് ടീച്ചർ | PTA |
| 3. | വായന പരിപോഷണം | പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം, വായനക്കളരി, നാട്ട | ജനുവരി | SRG, PTA, | PTA |

| | | | | | |
|---|---|---|---|---|---|
| | | വായന പ്രാദേശിക എഴുത്തുകാരുമായി സംവാദം | | ക്ലാസ്സ് ടീച്ചർ | |
| 4. | അറിവ് ഡോക്യുമെന്ററിയിലൂടെ | പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിച്ച് പ്രദർശിപ്പിക്കൽ | ജൂൺ – മാർച്ച് | ക്ലാസ്സ് ടീച്ചർ | SRG |
| 5 | സാഹിത്യ കാരന്മാരുടെ ജന്മ, ചരമ ദിനാചരണ ങ്ങൾ | ക്വിസ്, പ്രദർശനം, പതിപ്പ്, പുസ്തക പരിചയം | ജൂൺ | PTA, SRG, ക്ലാസ്സ് ടീച്ചർ | SRG |

**MALATALAM**

**Std IV**

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അക്ഷര സ്ഫുടത യോടെയും ആശയവ്യക്തത യോടെയും ഉള്ള വായന | പുസ്തക വായന വായനക്കാർഡ് ക്ലാസ്സ് ലൈബ്രറി വായനാ ഉറി, പത്ര വായന പുസ്തക പരിചയം, വായനാക്കുറിപ്പ് ചിത്രരചന | വർഷം മുഴുവൻ | H M, ക്ലാസ്സ് ടീച്ചർ, SRG, CPTA | |
| 2 | കവിത, കഥ എന്നിവ കേട്ടു സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരി പ്പിക്കുന്നു | കഥ അവതരണം, കവിതാലാപനം, സ്വന്തമായി കഥ എഴുതൽ, കവിത എഴുത്ത് | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ, CPTA | |
| 3 | സ്വർഗ്ഗാത്മക രചന | വായനക്കുറിപ്പ് ഡയറിയെഴുത്ത് കഥയെഴുത്ത് കവിതയെഴുത്ത് പോസ്റ്റർ നിർമ്മാണം യാത്രാ വിവരണം | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ, CPTA | |
| 4 | കവിതാലാ പനം കൂടുതൽ ആസ്വാദ്യ കരമാക്കുന്ന തിന് | കവ്യോത്സവം | 3 | ക്ലാസ്സ് ടീച്ചർ, CPTA | |

## ENGLISH

STD – III

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സിൽ വാർത്തകൾ പ്രദർശിപ്പിക്കൽ അവ വായിക്കൽ | വർഷം മുഴുവനും | ക്ലാസ് ടീച്ചർ | |
| 2. | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരി ക്കാനും എഴുതുവാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ | വാർത്താവായന മത്സരം സംഘടിപ്പിക്കൽ<br>Book review<br>Self-introduction<br>മാഗസീൻ തയ്യാറാക്കൽ ഡയറി എഴുതൽ<br>ക്ലാസ് ലൈബ്രറി വികസനം<br>ബാലപ്രസിദ്ധീകരണ ങ്ങളുടെ വായന | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| 3. | ആത്മവിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനു ള്ള അവസരം ഒരുക്കൽ | ഇംഗ്ലീഷ് ബാലസഭ<br>One day one word<br>പ്രതിഭാധനരുമായി അഭിമുഖം<br>കുട്ടികൾ പരസ്പരം സംസാരിക്കൽ<br>ആശയങ്ങൾ പങ്കു വയ്ക്കൽ | മാസത്തിൽ ഒന്ന്<br>വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| 4. | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ | English News കേൾക്കാനുള്ള അവസരം ഒരുക്കൽ - ICT സഹായത്തോടെ സിനിമ പ്രദർശനം കാർട്ടൂൺ പ്രദർശനം | വർഷം മുഴുവൻ<br>മാസത്തിൽ ഒന്ന് | SRG, ക്ലാസ് ടീച്ചർ | |

Std IV

| Sl | Aim | Activities | Time | | Responsibility |
|---|---|---|---|---|---|

| No. | | | | | |
|---|---|---|---|---|---|
| 1 | To speak, listen read and write English without any mistakes | <u>Listening skills</u><br>Games, Action Song.<br>Hello English activities<br>Conversations<br>Skit storage,<br>Use ICT<br><br><u>Speaking skills</u><br><br>Identify the naming words<br>Make simple sentences using the action word and naming words about the picture.<br>Make description<br>Growing sentences<br>Self-introduction<br>Conducting English Assembly speech<br><u>Reading Skills</u><br><br>Newspaper reading,<br>Test book reading,<br>Library books reading,<br>Book review,<br>Reading breaking news.<br>Find words<br>Rhyming words<br>Describing words<br>Reading cards<br><br><u>Writing Skills</u><br>Make word web | Make picture dictionary<br>Make a magazines | | |

| | | | | | |
|---|---|---|---|---|---|
| | To check the vocabulary and writing skills of people | Picture description<br>Word chain sentence chain<br>Make riddles<br>May conversations<br>Add more lines<br>Book review<br>Quiz<br>Riddles<br>Letter, Notice<br>Announcement<br>make picture dictionery<br>make a magazine | | | |
| 2 | ഇംഗ്ലീഷ് പാഠഭാഗങ്ങൾ വ്യവഹാരരൂപങ്ങ് | | മാസത്തി | | |

| | | | | | |
|---|---|---|---|---|---|
| | ങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story telling) | | ലൊന്ന് | ക്ലാസ് ടീച്ചർ | |
| 3 | അവധിദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസുകൾ | | വർഷം 30 ക്ലാസുകൾ | ക്ലാസ് ടീച്ചർ | പൂർവ്വവിദ്യാർത്ഥി സംഘടന |
| 4 | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരിക്കൽ കുട്ടികൾക്ക് കാണാവുന്ന തരത്തിൽ ഒരു പൊതു സ്ഥലത്ത് ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നത്തിനുള്ള ബോർഡ് സ്ഥാപിക്കൽ | | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | സ്പോൺസർഷിപ്പ് |
| 5 | ഇംഗ്ലീഷ് മാഗസിൻ ഇംഗ്ലീഷ് ബുള്ളറ്റിൻ | | | | |

| | | | | | |
|---|---|---|---|---|---|
| | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് തയ്യാറാക്കൽ | | പ്രതിമാസ പരിപാടി | HM ഇംഗ്ലീഷ് ടീച്ചർ | 3000 /- സ്പോൺസർ ഷിപ്പ് |
| 6 | ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ആശയം ചോർന്നു പോകാതെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യൽ | | വർഷത്തിൽ മൂന്ന് പുസ്തകം (യുപി ക്ലാസ്സ്) | ഇംഗ്ലീഷ് ടീച്ചർ | |

ഹിന്ദി

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷിക്കുറവ് | ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക<br>വായന കാർഡ് നിർമ്മാണം ഹിന്ദി ദിനാചരണങ്ങൾ<br>ഹിന്ദി അസംബ്ലി<br>ഹിന്ദി വാർത്ത വായന | ഒരുവർഷം | ഹിന്ദി ക്ലബ് | 1000 |
| 2. | ഹിന്ദി അന്തരീക്ഷം എഴുത്ത് മെച്ചപ്പെടുത്തൽ | ഹിന്ദി സാഹിത്യകാരന്മാരുടെ പേര് ചിത്ര ആൽബത്തിൽ എഴുതുക<br>നാടകം ഗ്രൂപ്പ് | മാസം | പി ടി എ | 5000 |
| 3. | ഹിന്ദി ഭാഷയോട് അവഗണന മാറ്റിയെടുക്കൽ | 7 – ക്ലാസ്സിൽ സുഗമ ഹിന്ദി പരീക്ഷ നടത്തുന്നു<br>ഒന്നാം ക്ലാസ് മുതൽ ഹിന്ദി പഠിക്കാനുള്ള അവസരം സൃഷ്ടിക്കുക | | | 2000 |
| 4 | പദപരിചയം പരിജ്ഞാന കുറവ് | 5 ക്ലാസിൽ കാർഡ് നിർമ്മാണം,<br>പദനിർമ്മാണ മത്സരം അക്ഷരകളി<br>6 ,7 ക്ലാസ് വർക്ക് ഷീറ്റ് നിർമ്മാണം, IT ലഭ്യത | ആഗസ്റ്റ് സെപ്റ്റംബർ | പി ടി എ | 2000 |
| 5 | ഹിന്ദി ഭാഷയുടെ താൽപര്യക്കുറവ് | ഹിന്ദിയിൽ ലഭ്യമായ കഥകൾ, കവിതകൾ, കാർട്ടൂൺ, സിനിമ എന്നിവയുടെ പ്രദർശനം | | | |

| | | | | | |
|---|---|---|---|---|---|
| 6 | ഹിന്ദി അന്തരീക്ഷം ഇല്ലായ്മ | ഹിന്ദി വിദഗ്ധരുമായി ആശയവിനിമയം ഇടവേളകളിൽ | | പിടിഎ ഹിന്ദി SRG | 2000 |

U .P സാമൂഹിക ശാസ്ത്രം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ നേടിയെടുക്കൽ | 1. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് വിവിധ പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു<br><br>2.അന്തർ ദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി memory test നടത്തുന്നു | അക്കാദമി വർഷാരംഭം (ജൂൺ)<br><br>അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 2. | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോകളും ചിത്രങ്ങളും പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4. | പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. | സഹജീവികളോട്സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| 6 | വിവരവിനിയമ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങള െ ക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങള െക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെ സഹായത്തോടെ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7 | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാടുകൾ, കണ്ടൽ കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ മുതലായ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

**സോഷ്യൽ സയൻസ്**

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പ്രാദേശിക ചരിത്ര രചനയുടെ ഭാഗമായി സ്വന്തം പ്രദേശത്തെ കുറിച്ച് വ്യക്തമായ ധാരണ കൈവരിക്കുന്നതിന് | പ്രാദേശിക ഭൂപടം തയ്യാറാക്കൽ ആ പ്രദേശത്തെ മുതിർന്ന ആളുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കാൻ പ്രാദേശിക ചരിത്ര പ്രാധാന്യമുള്ള സ്ഥലത്തേക്ക് പഠനയാത്ര | 6 മാസം | പൂർവ വിദ്യാർഥികൾ രക്ഷിതാക്കൾ | PTA |
| 2 | കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളെ കുറച്ച് ധാരണ കൈവരിക്കുന്നതിന് | വീടുകൾ വീടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ, സാധനങ്ങൾ ശേഖരിക്കൽ ശേഖരിച്ച സാധനങ്ങൾ വച്ച് ചെറിയ മ്യൂസിയം തയ്യാറാക്കൽ | ജൂൺ മുതൽ | സോഷ്യൽ സയൻസ് ടീച്ചർ സോഷ്യൽ സയൻസ് ക്ലബ്ബ് | 1500 |
| 3 | കുട്ടികളുടെ അവകാശത്തെ കുറിച്ചുള്ള ആൽബം അവബോധക്കുറവ് | ക്ലാസുകൾ സെമിനാറുകൾ, തെരുവുനാടകങ്ങൾ എന്നിവ സംഘടിപ്പിക്കുക | ഒരു വർഷം | പൂർവ്വവിദ്യാർത്ഥികൾ സോഷ്യൽ സയൻസ് ക്ലബ്ബ് | |
| 4 | ചരിത്രപ്രാധാന ദിനത്തെക്കുറിച്ചും ആഘോഷങ്ങളെ ക്കുറിച്ചുള്ള ധാരണ കൈവരിക്കുന്നതിന് | ദിനാചരണങ്ങൾ, പ്രത്യേക അസംബ്ലികൾ എന്നിവ സംഘടിപ്പിക്കുക. വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക | ഒരു വർഷം | PTA സ്കൂൾ മാനേജ്മെന്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | പൗരധർമ്മം മനസ്സിലാക്കുക | വിദഗ്ധരുടെ ക്ലാസ്സ്, ഫീൽഡ് ട്രിപ്പ് ,സ്കൂൾ പാർലമെൻറ് രൂപീകരണം | 3 മാസം | പൂർവ വിദ്യാർഥികൾ, രക്ഷിതാക്കൾ, മാനേജ്മെന്റ് | 5000 |
| 6 | സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യാൻ | *ബുള്ളറ്റിൻ ബോർഡ് ഡിബേറ്റ് മുഴുവൻ | ക്ലാസ്സ് വർഷം | സാമൂഹ്യശാസ്ത്രക്ലബ് | 3000 രൂപ |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | | | | | |

| | | | | | |
|---|---|---|---|---|---|
| | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | പ്രകൃതി നടത്തം ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ, വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയൽ, നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം മനസ്സിലാക്കൽ, ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കി പരിസരങ്ങളിൽ പതിക്കൽ | ജൂൺ – ഒക്ടോബർ | SRG ക്ലാസ് ടീച്ചർ | |
| 2 | പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് മഴക്കുഴി നിർമ്മാണം ജല സ്രോതസ്സുകൾ സംരക്ഷിക്കൽ | ജൂലൈ – ഡിസംബർ | HM , PTA , SMC ,SRG ടീച്ചേഴ്സ് | |
| 3 | ശാസ്ത്ര അഭിരുചിയും താൽപര്യവും വളർത്തുക | ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടൽ ശാസ്ത്രമാസിക നമ്മുടെ നാടിനെ അടുത്തറിയാൻ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. സയൻസ് കോർണർ (വീട്/ സ്കൂൾ) ക്ലാസ്സ്റൂം പരിസരശുചിത്വം – കുട്ടികൾക്ക് പരിശോധന ചുമതല നൽകൽ | ജൂൺ മാർച്ച് | SRG ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 4 | വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കുക | ക്ലാസ്സ് തലത്തിൽ ശുചിത്വം മത്സരം, ക്ലാസ് റൂം പരിസരശുചിത്വം കുട്ടികൾക്ക് പരിശോധന ചുമതല നൽകൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| 5 | ആഹാരശീലങ്ങ് ങളും ഭക്ഷ്യവസ്തുക്കളു ടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവ് | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | |
| 6 | പ്രകൃതിയെ അറിയുന്നതിനു ം ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം,ഔഷധത് തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ – ജനുവരി | SRG SMC | |
| 7 | നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക്, നമുക്കും കർഷകരാകാം | ജനുവരി | ടീച്ചേഴ്സ് SRG SMC | |
| 7 | ശാസ്ത്രമൂല ശാസ്ത്രപഠനം ലളിതവും രസകരവുമാക്ക ൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 8 | <u>ശാസ്ത്രയാത്ര</u> ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ, അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണകേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG PTA CLASS TEACHER | |
| 9 | ശാസ്ത്ര വിസ്മയച്ചുമർ ശാസ്ത്രപഠനം രസകരമാക്കല് | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ, കഥകൾ, ശാസ്ത്ര നാടകങ്ങൾ, ശാസ്ത്ര ചുമർപത്രം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| 10 | ശാസ്ത്രോത്സവം ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ SRG HM | |
| 11 | ശാസ്ത്രമാസിക ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികയുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

UP

വിഷയം – അടിസ്ഥാനശാസ്ത്രം

| ക്രമനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശാസ്ത്ര പഠനത്തിലൂടെ സർഗാത്മകമായ കഴിവുകളുടെ വികസനം | ശാസ്ത്രകവിത, ശാസ്ത്ര നാടകങ്ങൾ, ശാസ്ത്രകഥകൾ ശാസ്ത്ര മാഗസിൻ ചുമർചിത്രം. | വർഷത്തിൽ മൂന്നു പ്രാവശ്യം | സയൻസ് ടീച്ചർ<br>സയൻസ് ക്ലബ് | സ്കൂൾവികസന സമിതി |
| 2 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | പരീക്ഷണക്കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ് | |
| 3 | ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനികശാസ്ത്രോപകരണങ്ങൾ കൈകാര്യം | ശാസ്ത്രവിസ്മയ ചുമർ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | നിർമ്മിക്കുന്നു. "യുറേക്ക"<br><br>ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു. | | | |
| 4 | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്ത ുക | വിസ്മയ യാത്ര ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്ര കാലാകാരന്മാരുട െ ജീവ ചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ് |
| 5 | ശാസ്ത്രമേളയിൽ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക. | വർഷത്തിൽ മൂന്ന് മാസം | സയൻസ് ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 6 | ശാസ്ത്രജ്ഞൻ മാരെയും സംഭവങ്ങളെയും അടുത്തറിയുക | എൻറെ ശാസ്ത്രജ്ഞൻ ഒരു കുട്ടി, ഒരു ശാസ്ത്രജ്ഞൻ എന്ന ക്രമത്തിൽ ഓരോ ശാസ്ത്രജ്ഞൻറെ യും ജീവചരിത്രം തയ്യാറാക്കി പ്രദർശനം | വർഷത്തിൽ ഒന്ന് | സയൻസ് ടീച്ചർ | |
| 7 | ശാസ്ത്രോപകരണ നിർമ്മാണ ശില്പശാല – ശാസ്ത്ര ആഭിമുഖ്യം വളർത്താൻ | പഠന പ്രവർത്തനങ്ങൾ ക്കാവശ്യമായ ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കാനുള്ള ശില്പശാല സ്കൂളിൽ സംഘടിപ്പിക്കുക. | വർഷത്തി ലൊരിക്കൽ | സയൻസ് ക്ലബ് | സ്കൂൾവികസ ന സമിതി |
| 8 | കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുക പ്രകൃതിയെ അറിയുക | പ്രാദേശിക കർഷകരുടെ സഹായത്താൽ കൃഷിരീതികൾ പരിശീലിപ്പിക്കൽ, പച്ചക്കറിതോട്ടം, പുൽത്തകിടിയോടു കൂടിയ പൂന്തോട്ടം ജൈവവൈവിധ്യ പാർക്ക്, ഫലവൃക്ഷങ്ങൾ ഔഷധോദ്യാനം ശലഭോദ്യാനം എന്നിവ ഒരുക്കൽ | വർഷം മുഴുവൻ | ഹരിത ക്ലബ്ബ് | PTA |
| 9 | ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | സയൻസുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റു സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ഒഴിവുസമയ ങ്ങളിൽ | സയൻസ് ക്ലബ് SRG | |

| | | | | | |
|---|---|---|---|---|---|
| 10 | ശാസ്ത്ര യാത്രകൾ ശാസ്ത്ര – പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ പ്ലാനിറ്റേറിയം, മെഡിക്കൽ പ്രദർശനങ്ങൾ, കുസാറ്റിലെ ശാസ്ത്ര സാമൂഹിക കേന്ദ്രം തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | വർഷത്തിൽ രണ്ടു പ്രാവശ്യം | PTA സയൻസ് ക്ലബ് | സ്കൂൾ വികസന സമിതി |
| 11 | സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം | ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ സ്കൂൾ വളപ്പിൽ നിന്നു തന്നെ ഉത്പാദിപ്പിച്ചെടുക്കുക. | വർഷം മുഴുവൻ | ഹരിത ക്ലബ്ബ് | PTA |
| 12 | ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവവൈവിധ്യ വൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ | മൂന്നു മാസം | ഇക്കോ ക്ലബ്ബ് | |

ഗണിതം
UP SECTION

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഗണിത ലൈബ്രറി | ഗണിതാശയം ഉൾപ്പെട്ട പുസ്തകങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ലൈബ്രറിയിൽ തന്നെ ഗണിത ലൈബ്രറി സജ്ജീകരിക്കൽ | ജൂൺ – മാർച്ച് ആവശ്യാനുസരണം | | |
| 2 | ഗണിതപ്പെട്ടി ഗണിത വിഷയത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കാൻ ഗണിത ഭയം ഇല്ലാതാക്കാനും കഴിയുന്ന | ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന രണ്ട് ചോദ്യങ്ങൾ ക്ലാസ്സുകളിൽ നൽകുന്നു. അവയുടെ ഉത്തരം എഴുതി കുട്ടികൾ ഗണിതപ്പെട്ടിയിൽ നിക്ഷേപിക്കുന്നു. ശരിയുത്തരം എഴുതിയ ഒരു കുട്ടിയെ നറുക്കെടുപ്പിലൂടെ കണ്ടെത്തി നൽകുന്നു. | മാസത്തിൽ രണ്ടു തവണ ജൂൺ – മാർച്ച് | | |
| 3 | അടിസ്ഥാനപരമായ ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശിൽപ്പശാലകൾ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (മഞ്ചാടി, മുത്ത്, വിവിധ കാർഡ് ......... ഉപയോഗിക്കുന്നു) | ജൂൺ | ഗണിത ധ്യാപിക | |
| 4 | രസകരമായ ഗണിത ശാസ്ത്ര പഠനം, കരചലനശേഷി വികാസം | ഒറിഗാമി ശിൽപ്പശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ | വർഷത്തിൽ ഒരിക്കൽ | ഗണിത ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | | രൂപങ്ങൾ നിർമിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| 5 | ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് പിടിഎ |
| 6 | ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയരൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കി | ഒരുപ്രാവശ്യം | ഗണിത ക്ലബ്ബ് | |
| 7 | ഗണിത മേഖലയിലെ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ കുട്ടികൾക്ക് താത്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ് നടത്തുന്നു. | വർഷത്തിൽ 3 തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പിടിഎ |
| 8 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐടി സാധ്യതകളുടെ<br>ജാമിതീയ രൂപങ്ങൾ, ചതുഷ്കിയകൾ, ടാൻഗ്രാം ഇതുപോലെയുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപിക | |
| 9 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മ കണ്ടെത്തി പ്രവർത്തനം നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 10 | വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട | ആവ | SRG | |

| | | | | | |
|---|---|---|---|---|---|
| | | പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ശ്യാനു സരണ ം | | |

<u>ഉപസംഹാരം</u>

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം" വിദ്യാഭ്യാസ രംഗത്ത് അഭ്യുതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഫലമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതു വിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതുതായി വന്നുചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തെ കൂടുതൽ ശാക്തീകരിക്കാനും എന്നും സമൂഹത്തിന് മാതൃകയാക്കാനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.